**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1202** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഇലക്ട്രിക്ക് ബസ്സുകൾ നിലവിൽ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നത്; എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; | (എ) | 8 AC ഇലക്ട്രിക് വെറ്റ് ലീസ് ബസ്സുകൾ കെ.എസ്.ആർ.ടി.സി.യിൽ ലഭ്യമാണെങ്കിലും, കോവിഡ് വ്യാപനത്തെ തുടർന്ന് നിലവിൽ സർവ്വീസുകൾ നടത്തുന്നില്ല. |
| (ബി) | ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വെറ്റ് ലീസ് അടിസ്ഥാനത്തിലാണ് 8 A/C ഇലക്ട്രിക്ക് ബസ്സുകൾ കെ.എസ്.ആർ.ടി.സി ലഭ്യമാക്കിയിട്ടുള്ളത്. സർവ്വീസ് നടത്തിയിരുന്നപ്പോൾ ലഭിച്ച വരുമാനവും വാടകയും കോവിഡിന്റെ പശ്ചാത്തലത്തിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പെട്രോൾ, ഡീസൽ വില വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇന്ധന വില വർദ്ധനവ് പരിഗണിച്ച് നിലവിലെ ഡീസൽ ബസുകൾ ഇലക്ട്രിക് ബസ് ആയി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാപഠനം ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോ മൊബൈൽ ലിമിറ്റഡ് എന്നിവയുമായി ചേർന്ന് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ